കാണിച്ചതിനാലും കീടത്തിന്റെ ആക്രമണം വേണ്ടത്ര നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ മഴയാരംഭിച്ചതിനാൽ കീടബാധ പ്രകൃതിദത്തമായി കുറയുന്നതായാണ് കാണുന്നത്. തെങ്ങോലപ്പുഴുവിന്റെ ആക്രമണം വേനൽക്കാലത്താണ് രൂക്ഷമായി കാണപ്പെടുന്നത്. കീടബാധയുടെ ലക്ഷണം പുറംഓലകളിൽ കാണപ്പെടുമ്പോൾത്തന്നെ പ്രസ്തുത ഓലകൾ വെട്ടിമാറ്റി തീയിട്ട് നശിപ്പിക്കേണ്ടത് കീടനിയന്ത്രണത്തിനാവശ്യമാണ്. തുടർന്ന് എതിർപ്രാണികളെ വിട്ടാൽ തെങ്ങോലപ്പുഴുവിനെ ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കും. എന്നിട്ടും കീടനിയന്ത്രണം സാധ്യമായില്ലെങ്കിൽ മാത്രമേ രാസകീട നാശിനികൾ ഉപയോഗിക്കേണ്ടതുള്ളൂ. അടുത്തവർഷവും കീടബാധയുണ്ടാകാൻ സാധ്യതയുള്ളതിനാൽ 2015 ഏപ്രിൽ-മേയ് മാസങ്ങളിൽ എതിർപ്രാണികളെ ലഭ്യമാക്കുന്നതിനുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിലും ഗവേഷണ കേന്ദ്രങ്ങളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നഷ്ടമുണ്ടായ തെങ്ങുകളുടെ കർഷകരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് അവർക്ക് വേണ്ട നഷ്ടപരിഹാരം കഴിഞ്ഞ പ്രാവശ്യം കൊടുത്തതുപോലെതന്നെ ഇപ്രാവശ്യവും പല മേഖലകളിലും കൊടുത്തിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

8. സബ്സ്റ്റേഷൻ

ശ്രീ. എസ്. രാജേന്ദ്രൻ : സർ, കേരളത്തിലെ വൈദ്യുതി ഉൽപ്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ജില്ലയാണ് ഇടുക്കി. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇടുക്കി ജില്ലയിലെ എല്ലാ സ്ഥലങ്ങളും നന്നായി അറിയാം. മറയൂർ, കാന്തല്ലൂർ, വട്ടവട എന്നീ പ്രദേശങ്ങളിലേക്ക് ഇപ്പോൾ വൈദ്യുതി ചെല്ലുന്നത് പ്രൈവറ്റ് സ്ഥാപനത്തിന്റെ സ്റ്റേഷനുകളിൽകൂടിയാണ്. ലോകകപ്പ് നടന്ന സന്ദർഭത്തിലും പത്രത്തിലൂടെ മാത്രമാണ് അർജന്റീനയുൾപ്പെടെയുള്ളവർ തോറ്റതും ജയിച്ചതുമൊക്കെ അറിയാൻ സാധിച്ചത്. അവസാനം അർജന്റീന തോറ്റപ്പോഴും പത്രത്തിലൂടെ വായിക്കാനാണ് അവസരം ലഭിച്ചത്. തോട്ടം തൊഴിലാളികളും ചെറുകിട കർഷകരും ആദിവാസികളും തിങ്ങിപ്പാർക്കുന്ന മേഖലയാണിത്. ഇവിടെ ഒരു സബ്സ്റ്റേഷൻ അനുവദിക്കണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. മറയൂർ, കാന്തല്ലൂർ, വട്ടവട തുടങ്ങിയ സ്ഥലങ്ങളിൽ വോൾട്ടേജ് വളരെ കുറവാണ്. നമ്മുടെ ഇലക്ട്രിസിറ്റിക്ക് ഭീമമായ കോൺട്രിബ്യൂഷൻ നടത്തുന്നത് ഈ ജില്ലയാണ്. അവിടെ കെ. ഡി. എച്ച്. പി.-യുടെ (കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്) 11 കെ. വി. ഫീഡറിൽക്കൂടിയാണ് ഈ പറഞ്ഞ മൂന്നു സ്ഥലത്തും കണക്ഷൻ നൽകുന്നത്. മൂന്നാറിൽ ഒരു 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിച്ച് പള്ളിവാസൽ ജനറേറ്റർ സ്റ്റേഷനിൽനിന്ന് 66 കെ. വി. ലൈൻ വലിച്ച് അവിടെ ഒരു സബ്സ്റ്റേഷനുണ്ടാക്കാനുള്ള ശ്രമത്തിലാണ്. അത് നടന്നുകഴിഞ്ഞാലുടനെ ഒരു 11 കെ. വി. ഫീഡർ സ്ഥാപിച്ച് അവിടേയ്ക്ക് വൈദ്യുതി സപ്ലൈ ചെയ്യാൻ സാധിക്കും. അത് സബ്സ്റ്റേഷൻ വന്നാൽ മാത്രമേ ഇവിടത്തെ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അത് പരമാവധി വേഗതയിലാക്കാൻ ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly